## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3933** **16.05.2017 ൽ മറുപടിയ്ക്ക്**

**പച്ചക്കറി കൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ**

| ചോദ്യം<br>ശ്രീ.വി.ആർ. സുനിൽ കുമാർ | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർ വിത്ത് വിതച്ച് 75 ദിവസത്തിനുള്ളിൽ തന്നെ വിളവെടുപ്പ് പൂർത്തിയാകുന്നതിനാൽ, പ്രസ്തുത കാലയളവിനുള്ളിൽ കൃഷി ഓഫീസിൽ നിന്ന് യഥാസമയം പരിശോധന നടത്താറില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | എ) പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരുടെ കൃഷിയുടെ വിളവെടുപ്പ് പൂർത്തിയാക്കുന്നതിന് മുമ്പ് തന്നെ കൃഷി ഓഫീസിൽ നിന്ന് യഥാസമയം പരിശോധന നടത്താറുണ്ട്. |
| ബി) പച്ചക്കറി കൃഷിക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ചീര കൃഷിക്ക് നല്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) പച്ചക്കറി വികസന പദ്ധതി പ്രകാരം പച്ചക്കറി കൃഷിയ്ക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ചീര കൃഷി ചെയ്യുന്ന കർഷകർക്കും നൽകി വരുന്നുണ്ട്. |
| സി) ചീര വിത്ത് വിതച്ചതിനുശേഷം കൃഷിനാശം സംഭവിക്കുന്ന വേളയിൽ അതിന് ഇൻഷ്വറൻസ് പരിരക്ഷ നല്കുന്നുണ്ടോ? | സി) വ്യവസ്ഥകൾക്ക് വിധേയമായി ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ചീര ഉൾപ്പെടെയുള്ള പച്ചക്കറികൾ ഇൻഷ്വർ ചെയ്യേണ്ട പ്രായം വിത്ത് വിതച്ച് ഒരാഴ്ച കഴിഞ്ഞ് ഒരു മാസം വരെയാണ്. പ്രീമിയം തുക അടച്ച ദിവസം മുതൽ ഏഴ് ദിവസങ്ങൾക്കു ശേഷം സംഭവിക്കുന്ന കൃഷി നാശത്തിന് മാത്രമേ നഷ്ടപരിഹാരത്തിന് അർഹതയുള്ളൂ. ഇൻഷ്വർ ചെയ്ത വിസ്തൃതിയുടെ കുറഞ്ഞത് പത്തു ശതമാനമെങ്കിലും നാശനഷ്ടമുണ്ടായാലേ നഷ്ടപരിഹാരം ലഭിക്കുകയുള്ളൂ. |

S. [signature]

സെക്ഷൻ ഓഫീസർ